പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2277
12.06.2018 ൽ മറുപടി നൽകേണ്ടത്

## സാമൂഹ്യ സുരക്ഷാ പെൻഷൻ അനർഹരെ ഒഴിവാക്കാൻ നടപടി

**ചോദ്യം**
ശ്രീ. സണ്ണി ജോസഫ്

**മറുപടി**
ഡോ. തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സാമൂഹ്യ സുരക്ഷ പെൻഷൻ കൈപ്പറ്റുന്നവരിൽ അനർഹർ ഉണ്ടെന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ടെങ്കിൽ അവരെ ഒഴിവാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | സംസ്ഥാനത്തെ എല്ലാ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളും നിർദ്ദിഷ്ട മാതൃകയിലുള്ള സത്യപ്രസ്താവന അതാത് പ്രാദേശിക സർക്കാരുകളിൽ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. അപ്രകാരം നൽകിയിട്ടുള്ള സത്യ പ്രസ്താവനകളിൽ നൽകിയിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരെന്ന് കണ്ടെത്തിയവരുടെ പെൻഷൻ തടഞ്ഞിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ വരുമാന പരിധിക്കപ്പുറത്തുള്ളവർ ഉൾപ്പെട്ടിട്ടുണ്ടെന്നും , പുനർവിവാഹം ചെയ്തവർ വിധവാ പെൻഷൻ തുടർന്നും കൈപ്പറ്റുന്നതായും പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷവും ബന്ധുക്കൾ പെൻഷൻ വാങ്ങുന്നു എന്നും വിവരങ്ങൾ സർക്കാരിൽ ലഭിച്ചതിനെ തുടർന്ന് അത്തരക്കാരെ ഒഴിവാക്കുന്നതിലേക്ക് 22/01/2018 തിയതിയിലെ എസ് എഫ് സി-ബി2/53/2017/ധന നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ അനധികൃതമായി സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരെ ഒഴിവാക്കുന്നതു സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതിനായി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ മുഖാന്തിരം ഒരു സർവ്വേയും നടന്ന് വരുന്നു. |

| | | |
|---|---|---|
| (ബി) | നിലവിൽ എത്ര പേർക്കാണ് സാമൂഹ്യ സുരക്ഷ പെൻഷൻ നൽകുന്നത്; അതിനായി പ്രതിമാസം എത്ര തുകയാണ് ചെലവഴിക്കുന്നത്; | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാമൂഹ്യ സുരക്ഷാ പെൻഷൻ ലിസ്റ്റിൽ 873504 പേരെ പുതുതായി ഉൾപ്പെടുത്തുകയുണ്ടായി. നിലവിൽ 4217097 പേർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നു. അതിലേക്ക് പ്രതി മാസം 483.30 കോടി രൂപ ചെലവഴിക്കുന്നുണ്ട്. |
| (സി) | നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷനിൽ എത്രമാസത്തെ കുടിശ്ശികയുണ്ട്; | 2018 മാർച്ച് വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. 2018 ഏപ്രിൽ , മേയ് മാസങ്ങളിലെ പെൻഷൻ നൽകാൻ അവശേഷിക്കുന്നു. |
| (ഡി) | ഒന്നിൽ കൂടുതൽ പെൻഷൻ കൈപ്പറ്റുന്നവരെ ഒഴിവാക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെക്കെയാണ്; എത്ര പേരെ ഒഴിവാക്കിയെന്ന് അറിയിക്കുമോ? | സാമൂഹ്യ സുരക്ഷാ പെൻഷനിൽ ഗണ്യമായ വർദ്ധനവ് നൽകിയ സാഹചര്യത്തിൽ ഒരാൾക്ക് ഒരു പെൻഷന് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ എന്നും എന്നാൽ 06/02/2017 തിയതിക്ക് മുമ്പ് ഒന്നിലധികം പെൻഷൻ വാങ്ങിവന്നിരുന്നവർക്ക് ഒരു പെൻഷൻ ഉയർന്ന നിരക്കിലും രണ്ടാമതൊരു പെൻഷൻ 600 രൂപ നിരക്കിലും ലഭിക്കുന്നതാണെന്നും പുതുതായി രണ്ടാമതൊരു പെൻഷൻ ലഭിക്കാൻ അർഹതയില്ലെന്നും 06/02/2017 തിയതിയിലെ സ ഉ (എം എസ്) നം.67/2017/ധന പ്രകാരം ഉത്തരവായിരുന്നു. ഒരേ തരത്തിലുള്ള രണ്ട് പെൻഷൻ വാങ്ങി വന്നിരുന്ന 13272 വ്യക്തികളുടെ പെൻഷൻ റദ്ദ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ